**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 576** **28-01-2026-ൽ മറുപടിയ്ക്ക്**

**ജി. എസ്. ടി. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. കെ. രാമചന്ദ്രൻ
ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ജി. എസ്. ടി. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** ജി.എസ്.ടി നിയമ സംവിധാനത്തിൽ സാധനങ്ങളുടെയും സേവനങ്ങളുടെയും നികുതി നിശ്ചയിക്കപ്പെടുന്നത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗുകളിൽ വിശദമായ ചർച്ചകൾക്കുശേഷമാണ്. ജി.എസ്.ടി. കൗൺസിലിന്റെ വിവിധ കമ്മിറ്റികൾ പഠനം നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടുകൾ എല്ലാ സംസ്ഥാനങ്ങളിലെയും ധനകാര്യ മന്ത്രിമാരും കേന്ദ്ര ധനകാര്യ മന്ത്രിയും ഉൾപ്പെടുന്ന കൗൺസിൽ മീറ്റിംഗുകളിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജി.എസ്.ടി. നിർണ്ണയം സംബന്ധിച്ച ശിപാർശകൾ പുറപ്പെടുവിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതു താത്പര്യങ്ങൾക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിലെ വ്യാപാര സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ ശിപാർശകൾ ഇത്തരം ചർച്ചകളിൽ ഉരുത്തിരിയുകയോ റിപ്പോർട്ടുകൾ ലഭിക്കുകയോ ചെയ്യുന്നപക്ഷം, അത്തരം തീരുമാനങ്ങളിലെ അശാസ്ത്രീയത കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന തിനും കൗൺസിലിൽ പുനഃപരിശോധനയ്ക്കും സംസ്ഥാന സർക്കാർ യഥാസമയം ശക്തമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

**(ബി)** സർക്കാരിന്റെ വികസന നിർമ്മാണ പ്രവൃത്തികൾക്ക് 18% ജി.എസ്.ടി. ഈടാക്കുന്നത് കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

**മറുപടി:** ജി.എസ്.ടി നിരക്കുകൾ നിശ്ചയിക്കുന്നതിനും ഭേദഗതി വരുത്തുന്നതിനുമുള്ള അധികാരം ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന്റെ പൊതു താത്പര്യങ്ങൾക്കോ, അല്ലെങ്കിൽ സംസ്ഥാനത്തിലെ വ്യാപാര സമൂഹത്തെ പ്രതികൂലമായി ബാധിക്കുന്നതോ ആയ വിഷയങ്ങളിൽ കേരള സർക്കാർ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ ഇടപെടലുകൾ നടത്തിപ്പോരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**